# കവിതയിലെ പെൺപിറവികൾ

## ഗിരിജ പി. പാതേക്കരയുടെ കവിതകളെ മുൻനിർത്തി ഒരന്വേഷണം

സമകാലിക കവയിത്രികളിൽ ശ്രദ്ധേയയാണ് ഗിരിജ പി. പാതേക്കര. പെണ്ണിന്റെ മേലുള്ള പുരുഷന്റെ സമസ്ത അധികാരങ്ങളെയും ചോദ്യം ചെയ്യുന്നവരുടെ പ്രതിനിധിയായി അവർ കവിതകളെഴുതുന്നു. 'പെൺപിറവി'യെന്ന കവിതാസമാഹാരത്തിന്റെ ആമുഖത്തിൽ അവർ സ്വന്തം നിലപാട് ഇപ്രകാരം വ്യക്തമാക്കുന്നു: "സ്ത്രീയെന്ന സ്വത്വബോധത്തിൽ അഭിമാനിച്ചും അഭിരമിച്ചും അതിൽ അള്ളിപ്പിടിച്ചുമാണ് ഞാനീ ലോകത്തെ കാണുന്നതും അനുഭവിക്കുന്നതും ഇവിടെ ജീവിക്കുന്നതും. അതിനാൽ എന്റെ കവിതകളിലും സ്ത്രീപക്ഷത്തു നിന്നുകൊണ്ടുള്ള ചില തോന്നലുകളാണതാനും. ഇതെന്റെ കവിതകളുടെ ഒരു പരിമിതിയായി പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ പുരുഷന്റേതിൽ നിന്നും വ്യത്യസ്തമായി സ്ത്രീ അനുഭവിക്കുന്ന പ്രശ്നങ്ങൾ അടിസ്ഥാനപരമായ മാറ്റങ്ങൾക്കൊന്നും വിധേയമാകാതെ ഇന്നും തുടരുകയാണ്. അവൾക്കുമേലുള്ള വിലക്കുകളും അധികാരപ്രയോഗങ്ങളും ഇന്നും അവസാനിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അവൾ സ്വതന്ത്രയാകുവോളം അവളിൽ നിന്നു പുറത്തുകടക്കാൻ എനിക്കാവുന്നുമില്ല. അവളെക്കുറിച്ച് എഴുതിക്കൊണ്ടേയിരിക്കുന്നതാണ് എന്റെ രാഷ്ട്രീയപ്രവർത്തനം..." ഗിരിജ തന്റെ ഈ നിലപാട് ശക്തമായി കവിതകളിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീ 'ശരീരം' മാത്രമാണ് എന്ന പൊതുസമൂഹത്തിന്റെ ധാരണകളെ എതിർത്തുകൊണ്ട്, സ്ത്രീയനുഭവങ്ങളുടെ വൈകാരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ

വിചാരണചെയ്തുകൊണ്ട് നിലവിലെ സ്ത്രീസ്വത്വത്തെ അപനിർമ്മിക്കാൻ അവർ ശ്രമിക്കുന്നു. അതിനായി ശരീരം, ഭാഷ, പരിസരം എന്നീ സ്വത്വനിർണ്ണയഘടകങ്ങളെ പെണ്ണിന്റെ കണ്ണിലൂടെ ഈ കവയിത്രി പൊളിച്ചെഴുതുന്നു.

ശരീരംകൊണ്ട് സ്ത്രീയുടെ സ്വത്വാവബോധം സ്ഥാപിക്കുന്ന കവിതയാണ് 'അടയാളങ്ങൾ.' ഇടതുപുരികത്തിലെ വെളുത്തകല കുന്നിക്കുരുപൊഴിയുന്ന കളിമുറ്റത്തിന്റെ ഓർമ്മയാണ്. അടിവയറ്റിലെ നീളൻ വരമ്പ് നെഞ്ചിലാദ്യമറിഞ്ഞ പാൽനനവിന്റെ കുളിരുള്ള ഓർമ്മ. കൺതടങ്ങളിലെ കറുപ്പാകട്ടെ കുടിച്ച കയ്പിലേക്കും കാഞ്ഞ വെയിലിലേക്കും തുറക്കുന്ന കവാടങ്ങൾ.

കാലം ശരീരത്തിൽ
മായ്ക്കാനാവാത്ത
കുറിപ്പുകളെഴുതുമ്പോൾ
ഡയറിയിലെഴുതാൻ സമയവും
സൂക്ഷിക്കാനിടവുമില്ലാത്ത
പെൺവിധിയിൽ
എന്തിനു വിലപിക്കണം? (അടയാളങ്ങൾ)

എന്ന് ചോദിച്ചുകൊണ്ടാണ് ഈ കവിത അവസാനിക്കുന്നത്. ഉടലിലേൽക്കുന്ന അടയാളങ്ങളെല്ലാം ഓരോ ഓർമ്മക്കുറിപ്പുകളാണെന്നും സ്ത്രീയുടെ ഉടൽതന്നെ ഓർമ്മക്കുറിപ്പുകളെഴുതാൻ പ്രാപ്തമാണെന്നും ഗിരിജ വിശ്വസിക്കുന്നു.

പുരുഷകേന്ദ്രിതഭാഷയിൽ നിന്നുവ്യതിരിക്തമായ പെൺഭാഷയുടെ കരുത്തും സൗന്ദര്യവും വെളിപ്പെടുത്തുന്നവയാണ് ടച്ച് മി നോട്ട്, ഒരുമ്പെട്ടവൾ എന്നീ കവിതകൾ. സാഹചര്യങ്ങളോട് പടപൊരുതി നിൽക്കാൻ തയ്യാറാവുന്ന പെൺകരുത്തിന്റെ മൂർച്ചയും ആത്മധൈര്യവുമാണ് 'ടച്ച് മി നോട്ട്' എന്ന കവിത. ടച്ച് മി നോട്ട് എന്നത് തൊട്ടാവാടിയെന്നും ലജ്ജാവതിയെന്നും എങ്ങനെ വ്യാഖ്യാനം ചെയ്യപ്പെട്ടു എന്നു സംശയിക്കുകയാണ് കവയിത്രി.

എന്നെ തൊടരുതേയെന്ന
ഒരപേക്ഷയാണതെന്ന്
ആരെങ്കിലും കരുതിക്കാണുമോ
എങ്കിലതും തെറ്റാണ്.
അതൊരാജ്ഞയാണ്!
'തൊടരുതെന്നെ' യെന്ന

ആയിരം മുള്ളുകളുള്ള
ഒരാജ്ഞ.
തൊടുന്നവനെ
മുറിപ്പെടുത്തുമെന്ന
ഒരു മുന്നറിയിപ്പ് (ടച്ച് മി നോട്ട്)

സ്ത്രീകൾ നേരിടുന്ന ലൈംഗികചൂഷണത്തെ പ്രതിരോധിക്കാൻ ആയിരം മുള്ളുകളുമായി പടച്ചട്ടയണിഞ്ഞു നിൽക്കുന്ന 'തൊട്ടാവാടി' പെൺകരുത്തിന്റെ പുതിയ ഭാഷ്യം ചമയ്ക്കുന്നു.

പുരുഷകേന്ദ്രീകൃത പ്രത്യയശാസ്ത്രം നിർമ്മിച്ചെടുത്ത സ്ത്രീസങ്കല്പത്തെ ഭാഷകൊണ്ട് ഉടച്ചുവാർക്കുന്ന കവിതയാണ് 'ഒരുമ്പെട്ടോൾ'. സ്ത്രീസ്വത്വത്തെ അടിച്ചൊതുക്കാൻ ഒട്ടേറെ സാമൂഹ്യവിലക്കുകളും ആചാരങ്ങളും ആൺകോയ്മ വ്യവസ്ഥിതി സൃഷ്ടിച്ചെടുത്തിരുന്നു. ഇതിനെതിരെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പെണ്ണുങ്ങളെ സമൂഹത്തിൽ നിന്ന് അധിക്ഷേപിച്ച് പുറത്താക്കാൻ ഫ്യൂഡൽ വരേണ്യാധികാരശക്തികൾ ഉപയോഗിച്ചുപോന്ന പുരുഷനിർമ്മിത പദപ്രയോഗമാണ് 'ഒരുമ്പെട്ടോൾ'. സ്ത്രീത്വത്തെ അടുക്കളയിലും കിടപ്പുമുറിയിലും മാത്രം തളച്ചിടുന്ന ആ പുരുഷകേന്ദ്രീകൃത നിലപാടിന് ഇന്നും മാറ്റമൊന്നുമില്ല എന്ന് തന്റെ കവിതയിലൂടെ ഗിരിജ അടിവരയിടുകയാണ്.

കുളിമുറിയിൽ
മൂളിപ്പാട്ടുപാടിയതിന്,
കണ്ണാടിയിലേറെ നേരം
നോക്കി നിന്നതിന്,
കൃത്യനേരം തെറ്റി
വീടണഞ്ഞതിന്
ഉറക്കെ ചിരിച്ചതിന്
ചിന്തിച്ചതിന്
ആ വാക്കെറിഞ്ഞ്
വീഴ്ത്താറുണ്ടായിരുന്നു അവളെ,

അമ്മ, അച്ഛൻ,
ആങ്ങളമാർ, അയൽക്കാർ.
അർത്ഥം വെച്ചോർക്കുമ്പോൾ
ബ്രഹ്മനും തടുക്കാനാവാത്തവളെന്ന്
അഭിമാനിക്കാമെങ്കിലും

അന്ന്
ആ വാക്കേറ്റ മുറിവിലൂടെ
വാർന്നുപോയിട്ടുണ്ടായിരുന്നു
ഉള്ളിൽ നിന്നുപലതും. (ഒരുമ്പെട്ടോൾ)

ഇപ്രകാരം സാമ്പ്രദായിക അർത്ഥങ്ങളിൽനിന്ന് മറ്റ് അനേകം അർത്ഥങ്ങളിലേക്ക് വാക്കിനെയും അതിലൂടെ വ്യവസ്ഥാപിത ഭാഷയെയും അപനിർമ്മിക്കുകകൂടി ചെയ്യുന്നുണ്ട് 'ഒരുമ്പെട്ടോൾ' എന്ന ഈ കവിത.

പുരുഷൻ പെരുമാറാത്ത പരിസരങ്ങളെ പ്രകാശിപ്പിച്ചുകൊണ്ട് തങ്ങളുടെ ഒച്ച വേറിട്ടുകേൾപ്പിക്കുന്ന കവയത്രികളിൽ ഗിരിജ പി. പാതേക്കരയുമുണ്ട്. അലക്കുകല്ലിലെ മുഷിഞ്ഞ തുണികളേയും അടുക്കളഭരണിയിലെ കൊണ്ടാട്ടത്തെയും കുമിഞ്ഞുകൂടുന്ന എച്ചിൽപ്പാത്രങ്ങളേയും അവർ കാവ്യബിംബങ്ങളാക്കുന്നു. ഒരു സ്ത്രീയുടെ കെടാത്ത ആത്മവീര്യത്തെ ആവിഷ്കരിക്കുന്ന കവിതയാണ് 'കൊണ്ടാട്ടം'.

തിളയ്ക്കുന്ന എണ്ണയിലേക്ക്
എന്നെയൊന്നെറിഞ്ഞു നോക്കൂ
അപ്പോൾക്കാണാം
ആത്മവീര്യത്തോടെ
തലയുയർത്തി
ഞാൻ പൊങ്ങിപ്പൊങ്ങി വരുന്നത്.
കടിച്ചാൽ പൊട്ടാത്തവണ്ണം
മൊരിയുന്നത് (കൊണ്ടാട്ടം)

പെണ്ണിനെതിരെയുള്ള വ്യവസ്ഥാപിത അധികാരങ്ങളുടെ നേർക്ക് വീറോടെ കലഹിക്കുന്ന കവിതയാണിത്. സ്ത്രീയെ എത്ര അടിച്ചമർത്തിയാലും അവയെല്ലാംതന്നെ അവളെ കൂടുതൽ ശക്തയാക്കുകയാണ് എന്ന മുന്നറിയിപ്പു നൽകുന്ന കവിത.

പുരുഷന്റെയും സ്ത്രീയുടെയും ദിനചര്യകളുടെ വ്യത്യസ്തതയാണ് 'ദിനചര്യകൾ' എന്ന കവിതയിലുള്ളത്. പ്രഭാതത്തിലേക്ക് സാവധാനം കൺതുറന്ന് കിടക്കയിലേറെനേരം അലസമായി കിടന്ന്, ചായക്കപ്പിലുണർന്ന്, പത്രങ്ങൾ വായിച്ച്, പ്രാതൽ കഴിച്ച്, വേഗത്തിൽ ഓടിയതിന് ക്ലോക്കിനെ പഴിപറഞ്ഞ് വീട് വിട്ടിറങ്ങുന്നവനാണ് പുരുഷൻ. അവൻ സല്ലാപങ്ങളിൽ മുങ്ങി നിവർന്ന് വൈകി വീടണയുന്നു. വിജയശ്രീലാളിതനായുറങ്ങുന്നു.

എന്നാൽ സ്ത്രീയുടെ ദിനചര്യയാകട്ടെ,
പിടഞ്ഞുണരുക,
തറകൾക്ക് തിളക്കമാവുക
വസ്ത്രങ്ങൾക്ക് വർണ്ണമാവുക
അടുപ്പിൽ തിളച്ചുവേവുക
പാത്രങ്ങളിൽ നിറയുക
നിന്റെ പരിക്കുകളിൽ
കുഴമ്പായ് പരക്കുക.
......................................
വൈകീട്ട് വീണ്ടും
അടുക്കളയിൽ തിളയ്ക്കുക
മക്കൾക്ക് അറിവാകുക
വീടിന് വെളിച്ചമാവുക
മെത്തയിൽ മുറിവാവുക.
മൊബൈലിന്റെ ഉണർത്തുപാട്ടിന്
കാതോർത്ത് കിടക്കുക.

പെണ്ണിന്റെ അനുഭവങ്ങളല്ല പുരുഷന്റെ ലോകത്തിലുള്ളതെന്ന് ഈ കവിത വിളിച്ചുപറയുന്നുണ്ട്. പുരുഷന്റെ സൗഭാഗ്യങ്ങളെക്കുറിച്ച് ബോധവതിയാകുകയും തങ്ങളെ ചുറ്റിവരിഞ്ഞ കടമകളുടെ അദൃശ്യക രങ്ങളിൽ കിടന്ന് പിടയുകയും ചെയ്യുന്ന സ്ത്രീമനസ്സിന്റെ വിഹ്വലതക ളാണ് ഈ കവിതയിൽ ഉള്ളത്.

അകത്ത് കാളി
പുറത്ത് ദാസി
പുറത്തു നിന്നു പൂട്ടിയ വാതിൽ
തുറക്കാനാവാതെ ഞാൻ...      (കാളിദാസി)

എന്ന് ഇക്കാര്യം 'കാളിദാസി' എന്ന കവിതയിൽ അവർ മിഴിവോടെ പറയുന്നുണ്ട്. കാളിയുടെ തീക്ഷ്ണഭാവങ്ങളും രൗദ്രഭാഷയും ഗിരിജയുടെ കവിതകളിലുണ്ട്.

നിനക്കു വയസ്സായി,
ഞാനിപ്പോൾ പിറന്നതേയുള്ളൂ
പറഞ്ഞു തുടങ്ങുന്നതേയുള്ളൂ
നടന്നു പഠിക്കുന്നതേയുള്ളൂ
ഇനി ഊഴം എന്റേതാണ്. (പെൺപിറവി)